**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 313** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച നൂതന സോഫ്റ്റ് വെയറാണ് ഐ.എൽ.ജി.എം.എസ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പൊതു ജനങ്ങൾക്ക് നൽകുന്ന 213 സേവനങ്ങൾ പ്രസ്തുത സോഫ്റ്റ് വെയറിന്റേയും സിറ്റിസൺ സർവീസ് പോർട്ടലിന്റെയും ഹോം പേജിൽ തന്നെ വിശദമായി ഇനം തിരിച്ച് ലിസ്റ്റ്ചെയ്തിട്ടുണ്ട് . |
| (ബി) | സിറ്റിസൺ പോർട്ടൽ പ്രാവർത്തികമാവുന്നതോടെ പ്രാദേശിക സർക്കാരുകളുടെ സേവന, പ്രവർത്തന മേഖലകളിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (ബി) | ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കാത്ത 632 ഗ്രാമ പഞ്ചായത്തുകളിൽ 2021 സെപ്റ്റംബർ ഒന്നാം തീയതി മുതലും ,എല്ലാ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും 2021 ഒക്ടോബർ ഒന്നാം തീയതി മുതലും സിറ്റിസൺ സർവീസ് പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്ന ഇരുന്നൂറിൽ പരം സേവനങ്ങൾക്കു ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്നതിനും സിറ്റിസൺ സർവീസ് പോർട്ടലിൽ സംവിധാനം ലഭ്യമാണ്. ഇതിലൂടെ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന മേഖലകളിൽ താഴെ പറയുന്ന മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. തദ്ദേശ സ്വയം ഭരണ സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനം, എല്ലാ സേവനങ്ങളും ഒറ്റ കുടക്കീഴിൽ - 24x7, വിവിധ മാർഗങ്ങളിൽ കൂടിയുള്ള സേവന വിതരണം, സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പ് വരുത്തുന്നു, പൗരാവകാശ നിയമ പ്രകാരവും സേവനാവകാശ നിയമ പ്രകാരവും അംഗീകരിക്കപ്പെട്ട സേവന നിലവാരം ഉറപ്പ് വരുത്തുന്നു, ചുവപ്പ് നാട ഒഴിവാക്കുന്നു,<br>പൗരന്മാർക്ക് എല്ലാ സേവനങ്ങൾക്കും ഇ-<br>ഫയൽ ആയി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധനം, ഫീസുകളും നികുതികളും മറ്റു അടവാക്കലുകളും ഓൺലൈൻ ആയി ഒടുക്കുവാനുള്ള സംവിധാനം, പൂർണ്ണമായ |

| | | | |
|---|---|---|---|
| | | | വിവരങ്ങളോടുകൂടിയ അപേക്ഷകൾക്ക് സിറ്റിസൺ ചാർട്ടർ അടിസ്ഥാനമാക്കിയുള്ള സേവന ലഭ്യത ഉറപ്പ വരുത്തുന്നു, അപേക്ഷകളിലെ അപാകത സംബന്ധിച്ച അറിയിപ്പ് തത്സമയം ലഭ്യമാകുന്നു. |

സെക്ഷൻ ഓഫീസർ